തേജസ്

1191 ഇടവം 19 • 1437 ശഅ്ബാൻ 26
2 ജൂൺ 2016 വ്യാഴം

അഭയാർഥി പ്രവാഹത്തിന് കാരണക്കാർ പാശ്ചാത്യർ

ഐലൻ കുർദി എന്ന ഒരു പിഞ്ചുബാലന്റെ മൃതദേഹം തുർക്കിയിലെ കടൽത്തീരത്ത് അടിഞ്ഞതിന്റെ ചിത്രം 2015 സപ്തംബറിൽ സിറിയയിൽ നിന്നുള്ള അഭയാർഥികളുടെ യാതനകളിലേക്കു ലോകശ്രദ്ധ തിരിയുന്നതിനു കാരണമായിരുന്നു. കുർദിയെ പോലെ എന്നാൽ പ്രായം നന്നെ കുറവായ ഒരു ശിശു കടലിൽ മുങ്ങിമരിച്ചതിന്റെ ചിത്രം സാമൂഹിക മാധ്യമങ്ങളിൽ ഇപ്പോൾ വ്യാപകമായി പ്രചരിക്കുന്നു. കടലിൽ പെട്ടുപോവുന്ന നിസ്സഹായരായ മനുഷ്യരെ രക്ഷിക്കുന്നതിന് ഇറങ്ങിപ്പുറപ്പെട്ട സന്നദ്ധസേവകരാണ് അജ്ഞാതനായ കൊച്ചു ബാലന്റെ ജീവനില്ലാത്ത ശരീരം കണ്ടെടുത്തത്.

മെഡിറ്ററേനിയൻ കടൽ താണ്ടി ലക്ഷകണക്കിന് അഭയാർഥികൾ യൂറോപ്പിലേക്കു സഞ്ചരിക്കുന്നതിനിടയിൽ അനേകായിരം പേർ ഇതിനകം തന്നെ കടലിൽ മുങ്ങിമരിച്ചിട്ടുണ്ട്. മൂന്നാലു ദിവസം മുമ്പാണ് ബോട്ടുകൾ മുങ്ങി 700ലധികം പേർ മരിച്ചത്. ലിബിയയിൽ നിന്നു പഴകിപ്പൊളിഞ്ഞ ബോട്ടുകളിൽ കയറിപ്പറ്റാൻ മനുഷ്യക്കടത്ത് മാഫിയ വൻ സംഖ്യയാണ് അടിച്ചെടുക്കുന്നത്. സോമാലിയയിൽ നിന്നും തെക്കൻ സുദാനിൽ നിന്നുമൊക്കെ അനേകം പേർ കടൽകടക്കാനായി ലിബിയയിലെത്തുന്നു. അഫ്ഗാനിസ്താനികളും പാകിസ്താനികളും സിറിയക്കാരും കുർദുകളും യൂറോപ്യൻ രാജ്യങ്ങൾ ലക്ഷ്യമാക്കി കരമാർഗം സഞ്ചരിക്കുന്നു.

മെഡിറ്ററേനിയൻ കടൽ താണ്ടി ലക്ഷകണക്കിന് അഭയാർഥികൾ യൂറോപ്പിലേക്കു സഞ്ചരിക്കുന്നതിനിടയിൽ അനേകായിരം പേർ ഇതിനകം തന്നെ കടലിൽ മുങ്ങിമരിച്ചിട്ടുണ്ട്. മൂന്നാലു ദിവസം മുമ്പാണ് ബോട്ടുകൾ മുങ്ങി 700ലധികം പേർ മരിച്ചത്. ലിബിയയിൽ നിന്നു പഴകിപ്പൊളിഞ്ഞ ബോട്ടുകളിൽ കയറിപ്പറ്റാൻ മനുഷ്യക്കടത്ത് മാഫിയ വൻ സംഖ്യയാണ് അടിച്ചെടുക്കുന്നത്.

നാടുംവീടുമിട്ടു ജനങ്ങൾ ഓടിപ്പോവുന്നതിന്റെ പ്രധാനകാരണം പാശ്ചാത്യ രാഷ്ട്രങ്ങളുടെ ഇടപെടലാണ്. അറബ്-മുസ്‌ലിം നാടുകളിൽ വിഭാഗീയത വളരെ ശക്തമായിട്ടുണ്ട്. സംവാദത്തിലൂടെ തീർക്കാവുന്ന തർക്കങ്ങൾ തോക്കുപയോഗിച്ചു പരിഹരിക്കാമെന്നു കരുതുന്ന സംഘങ്ങൾ വർധിച്ചുവരുന്നുണ്ടുതാനും. എന്നാൽ സിറിയ, സോമാലിയ, ഇറാഖ്, അഫ്ഗാനിസ്താൻ തുടങ്ങിയ രാജ്യങ്ങൾ നശിപ്പിച്ചതു പാശ്ചാത്യ നാടുകളാണ്. പ്രത്യേകിച്ചും അമേരിക്ക.

സിറിയ തന്നെ ഒന്നാന്തരം ഉദാഹരണം. ബശ്ശാറുൽ അസദിന്റെ ഏകാധിപത്യത്തിനെതിരേ സിറിയൻ ജനത നടത്തിയ സമാധാനപരമായ പ്രക്ഷോഭമാണ് യുഎസിന്റെയും ഫ്രാൻസിനെപോലുള്ള രാഷ്ട്രങ്ങളുടെയും അവരുടെ സാമന്തൻമാരായ അറബ് ഭരണാധികാരികളുടെയും ഇടപെടൽ കാരണം മരണം വിളയുന്ന പോർനിലമായത്. ബശ്ശാറുൽ അസദിനു വേണ്ടി ഇറാനും റഷ്യയും ഇടപെട്ടതോടെ സംഘർഷം നിയന്ത്രണാതീതമായി. ഏതാണ്ട് രണ്ടുലക്ഷം സിറിയക്കാർ ആഭ്യന്തരയുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്നാണു കണക്ക്. റഷ്യയുടെയും സിറിയൻ വ്യോമസേനയുടെയും ബോംബേറിലാണ് അധികമാളുകളും കൊല്ലപ്പെട്ടത്.

ആഫ്രിക്കയിലെ ഏറ്റവും സമ്പന്നമായിരുന്ന ലിബിയയെ കുട്ടിച്ചോറാക്കിയതിൽ നാറ്റോയുടെ പങ്ക് നിസ്സാരമല്ല. നാറ്റോ രാഷ്ട്രങ്ങൾ ലിബിയയിൽ ഇടപെട്ടതിന്റെ ഒരേയൊരു ലക്ഷ്യം എണ്ണശേഖരത്തിന്റെ നിയന്ത്രണം കൈയിലെടുക്കുകയായിരുന്നു. യൂറോപ്യൻമാരുടെ സൈനികമായ ഇടപെടൽ കാരണം താരതമ്യേന സമ്പന്നമായ ജീവിതം നയിച്ചിരുന്ന ലിബിയൻ ജനത ഇന്നു മിക്കവാറും പട്ടിണിയിലാണ്.

ഐലൻ കുർദിയും പേരറിയാത്ത ആ പിഞ്ചുകുഞ്ഞും യഥാർഥത്തിൽ വിരൽ ചൂണ്ടുന്നതു പാശ്ചാത്യ രാഷ്ട്രങ്ങളുടെ കാപട്യത്തിലേക്കാണ്. മെഡിറ്ററേനിയനിൽ മുങ്ങിച്ചാവുന്ന ആയിരങ്ങൾ യുഎസും പാശ്ചാത്യ രാഷ്ട്രങ്ങളും നിയന്ത്രിക്കുന്ന ശക്തി രാഷ്ട്രീയത്തിന്റെ ഇരകളാണ്.

ചിരി, പുഞ്ചിരി

പുഞ്ചിരി സൗഹൃദത്തിന്റെ ലക്ഷണമാണെന്നാണ് പൊതുവിൽ പറയപ്പെടുന്നത്. എന്നാൽ വേണ്ടാതെ ചിരിക്കുന്നവരെ സൂക്ഷിക്കണം എന്നു കരുതുന്ന സമൂഹങ്ങളുമുണ്ട്. 'ചിരിച്ചു കഴുത്തറുക്കുന്നവർ' എന്നു മലയാളികൾ പറയാറുണ്ടല്ലോ. വല്ലാതെ ചിരിക്കുന്നവരെ സൂക്ഷിക്കണം എന്ന കാര്യത്തിൽ റഷ്യക്കാർക്കുമില്ല സംശയം. അവർ മിതമായി മാത്രം ചിരിക്കുന്ന ഒരു സമൂഹമാണ്.

എന്തുകൊണ്ടാണു ചിരി ചിലർക്ക് അഹിതമാവുന്നത് എന്ന വിഷയം പോളണ്ടിലെ സയൻസ് അക്കാദമിയിലെ മനശ്ശാസ്ത്രജ്ഞയായ കൂബാ ക്രിസ് പഠന വിധേയമാക്കി. പഠനത്തെ സംബന്ധിച്ച് അമേരിക്കയിലെ അറ്റ്‌ലാന്റിക് മാഗസിനിൽ വന്ന ഒരു ലേഖനം പറയുന്നതു സമൂഹത്തിലെ അസ്ഥിരതയുടെയും അശുഭചിന്തയുടെയും പ്രതിഫലനമാണ് ചിരിയോടുള്ള ബന്ധപ്പെട്ട സമൂഹത്തിന്റെ സമീപനത്തിനു പിന്നിലെന്നാണ്.

അഴിമതി നിറഞ്ഞ സമൂഹങ്ങളിൽ ജനങ്ങൾക്കു ചിരി അത്ര സുഖകരമായ ഏർപ്പാടായി തോന്നാനിടയില്ല. പോളിഷ് ഗവേഷണ പഠനത്തിൽ കണ്ടതും അതു തന്നെ. ജപ്പാൻ, ഇന്ത്യ, ഇറാൻ, ദക്ഷിണ കൊറിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ചിരി ആളുകൾക്ക് അത്ര പഥ്യമല്ല. ഇന്ത്യ, അർജന്റീന, മാലദ്വീപ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളിൽ ഭൂരിഭാഗവും ചിരി ചതിയൻമാരുടെയും അഴിമതിക്കാരുടെയും മുഖമുദ്രയായി കാണുന്നു. രാഷ്ട്രീയക്കാരോട് ഈ നാടുകളിലെ ജനങ്ങൾക്കു പുച്ഛം തോന്നാനും ഒരുപക്ഷേ, അതു തന്നെയാവും കാരണം.

നേർവര

സംഘർഷ ഭൂമിയിലെ വനസംരക്ഷണം

ആദിവാസി ലോകം

മധു രാംനാഥ്

ഏതാനും ദശകങ്ങൾക്കു മുമ്പുവരെയും നഗര തിരക്കുകളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന പ്രകൃതിസ്നേഹികളുടെയും നരവംശ ശാസ്ത്രജ്ഞരുടെയും സസ്യശാസ്ത്രജ്ഞരുടെയും ഭാഷാ ഗവേഷകരുടെയും ഒക്കെ പ്രിയപ്പെട്ട അഭയ കേന്ദ്രമായിരുന്നു ബസ്തർ പ്രദേശം. അന്നത്തെ അവിഭക്ത ബസ്തർ എന്നത് ഇന്നത്തെ കേരളത്തിന്റെയത്ര വലിപ്പമുള്ള ഒരൊറ്റ ജില്ലയായിരുന്നു. ബസ്തറിലെ ജനസംഖ്യ വളരെ പരിമിതമായിരുന്നു. അതേസമയം, അതിന്റെ പ്രകൃതി വിഭവങ്ങളും ധാതുസമ്പത്തും വളരെ വിപുലമായിരുന്നു. മാത്രമല്ല, ലോകത്തെ ഏറ്റവും അന്തസ്സുറ്റ ഒരു സംസ്കാരത്തിന്റെ അവകാശികളുമായിരുന്നു ബസ്തറിലെ ആദിവാസി ജനത.

എന്നാൽ ഓർമയിലെ പഴയ ബസ്തറല്ല ഇന്നു ലോകത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്നത് ഇന്ത്യയിലെ ഏറ്റവും വലിയ സംഘർഷ ഭൂമികളിലൊന്നായി മാറിയിരിക്കുന്നു. അതിന്റെ സംഘർഷങ്ങളും സംഘട്ടനങ്ങളും യാതൊരു അന്ത്യവുമില്ലാതെ മുന്നേറുകയാണ്- ഒരുപക്ഷേ, അതുകൊണ്ട് ആർക്കെങ്കിലുമൊക്കെ വലിയ പ്രയോജനവും ലഭിക്കുന്നുണ്ടാവണം. എന്നാൽ ആദിവാസി ജനതയെ സംബന്ധിച്ചിടത്തോളം അതു വലിയൊരു പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. മാവോവാദി വിഭാഗങ്ങളും സായുധ സേനകളും തമ്മിലുള്ള ഏറ്റുമുട്ടലിൽ പക്ഷംപിടിക്കാൻ അവർ നിർബന്ധിതരാവുന്നു; അതിന്റെ ദുരിതഫലങ്ങൾ അനുഭവിക്കേണ്ടിയും വരുന്നു.

ഓർമയിലെ പഴയ ബസ്തറല്ല ഇന്നു ലോകത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്നത് ഇന്ത്യയിലെ ഏറ്റവും വലിയ സംഘർഷ ഭൂമികളിലൊന്നായി മാറിയിരിക്കുന്നു. അതിന്റെ സംഘർഷങ്ങളും സംഘട്ടനങ്ങളും യാതൊരു അന്ത്യവുമില്ലാതെ മുന്നേറുകയാണ്- ഒരുപക്ഷേ, അതുകൊണ്ട് ആർക്കെങ്കിലുമൊക്കെ വലിയ പ്രയോജനവും ലഭിക്കുന്നുണ്ടാവണം.

ഈ അവിഭക്ത ബസ്തറിലൂടെ സഞ്ചരിക്കുന്നത് അദ്ഭുതകരമായ ഒരനുഭവമാണ്. ജഗ്ദൽപൂരിൽ നിന്നു കോണ്ട വരെ നീളുന്ന വിശാലമായ കാനന പ്രദേശം. പലപ്പോഴും സങ്കൽപങ്ങളെപ്പോലും അതിശയിക്കുന്ന അനുഭവങ്ങളാണ് ഇവിടെ നമ്മെ കാത്തിരിക്കുന്നത്. മറ്റിടങ്ങളിൽ സങ്കൽപിക്കാൻ പോലും കഴിയാത്തത് ഇവിടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. കോണ്ടയിലേക്കുള്ള 200 കിലോമീറ്റർ കാട്ടുനിരത്തിൽ കടന്നു പോവുമ്പോൾ കാണുന്നതു കേന്ദ്ര റിസർവ് പോലിസിന്റെയും മറ്റു സൈനിക വിഭാഗങ്ങളുടെയും 30 താവളങ്ങളാണ്. നിരത്തോരത്തെ തന്ത്രപ്രധാന കേന്ദ്രങ്ങൾ ഒക്കെ ഇപ്പോൾ സായുധ സേനകളുടെ നിയന്ത്രണത്തിലാണ്. അവർ കൂട്ടംകൂട്ടമായി ആയുധങ്ങളുമേന്തി പ്രദേശത്ത് റോന്തു ചുറ്റുന്നതു സ്ഥിരം കാഴ്ചയാണ്. നിരത്തുകളിലൂടെ മാത്രമല്ല, വനാന്തരത്തിൽ ആദിവാസികളുടെ ഗ്രാമങ്ങളിലും അവരുടെ സാന്നിധ്യം നിരന്തരം അനുഭവപ്പെടുന്നു. സേനകളുടെ സാന്നിധ്യം അറിയാൻ അവർ കാട്ടിൽ അവശേഷിപ്പിച്ചു പോവുന്ന വസ്തുക്കൾ നോക്കിയാൽ മതി- പ്ലാസ്റ്റിക് കുപ്പികളും അലൂമിനിയം പാളികൾ കൊണ്ടുള്ള പാക്കേജുകളും വഴിനീളെ ചിതറിക്കിടക്കുന്നതു കാണാം. തങ്ങളുടെ റൗണ്ടുകൾക്കു പോവുന്ന സൈനികർ ഭക്ഷണവും വെള്ളവും ഇങ്ങനെ കരുതിക്കൊണ്ടാണു പോവുന്നത്. ഇതാണ് കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി ബസ്തറിലെ യാഥാർഥ്യം. ആ ഒറ്റക്കാരണത്താൽ തന്നെ മുൻകാലങ്ങളിൽ തങ്ങളുടെ പ്രകൃതി സ്നേഹത്തിന്റെയോ ഗവേഷണ ത്വരയുടെയോ പേരിൽ ബസ്തറിലെത്തുന്ന ആളുകൾ ഇന്നു തീർത്തും അപരിചിതരായി മാറിയിരിക്കുന്നു. ഈ ഏറ്റുമുട്ടലിന്റെയും സംഘർഷങ്ങളുടെയും നടുവിൽ ആരാണു ഗവേഷണത്തെക്കുറിച്ചും പഠനത്തെക്കുറിച്ചും പറയുന്നത്? അത്തരം കാര്യങ്ങളെക്കുറിച്ചു സമൂഹമോ മാധ്യമങ്ങളോ ചിന്തിക്കുന്നതായും തോന്നുന്നില്ല.

എന്നാലും അത്തരത്തിലുള്ള നിരവധി സംരംഭങ്ങൾ ബസ്തറിൽ ഇപ്പോൾ നടക്കുന്നുണ്ട് എന്നതു വാസ്തവം. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ധാരാളമുണ്ട്. വിത്ത് ശേഖരണം അതിൽ പ്രധാനമാണ്. ചില പ്രത്യേക അവസരങ്ങളിൽ വിത്തുകൾ ശേഖരിക്കുന്നതിനായി ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന സംഘടനകൾ കാട്ടിലെങ്ങും തിരച്ചിൽ നടത്താറുമുണ്ട്. തങ്ങളുടെ വീടുകളിൽ നിന്ന് എത്രയോ അകലെയുള്ള കാടുകളിൽ പോലും വിത്തു സംഭരണത്തിനായി അവർ എത്തിച്ചേരുന്നുണ്ട്.

ഇത് ഒരു സാധാരണ പ്രവർത്തനമാണ്. പക്ഷേ, ഇപ്പോൾ ആപത്കരവും. കാരണം കാട്ടിൽ വിത്തു ശേഖരിക്കുന്നവർ പോലും റോന്തുചുറ്റുന്ന സൈനികരെ ഭയക്കണം. കണ്ണിൽ കാണുന്ന ആരെയും എകെ 47 തോക്കിന്റെ കുഴൽ വയറ്റിൽ അമർത്തിപ്പിടിച്ചു കൊണ്ടു ഭീഷണമായ വിധത്തിലാണ് അവർ സ്വീകരിക്കുക!

ഭയം തന്നെയാണ് ആദിവാസികളുടെ നിത്യജീവിതത്തിലും നിഴലിച്ചു കാണുന്നത്. കാടുകളിൽ തീ പടരുന്നതു തടയാനോ പുറത്തു നിന്നു വന്നു മരം വെട്ടിക്കൊണ്ടു പോവുന്നതു തടയാനോ ഒക്കെ പുറത്തിറങ്ങുമ്പോൾ ഭയം എന്ന വികാരമാണ് എപ്പോഴും അവരെ നയിക്കുന്നത്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ കാടുകളുടെ സംരക്ഷണത്തിന് ഏറ്റവും അനിവാര്യമാണു താനും.

ഇതേ ഭയം തന്നെയാണ് ആദിവാസികളുടെ എല്ലാ പ്രവർത്തനങ്ങളിലും അവരുടെ നിത്യജീവിതത്തിലും നിഴലിച്ചു കാണുന്നത്. കാടുകളിൽ തീ പടരുന്നതു തടയാനോ പുറത്തു നിന്നു വന്നു മരം വെട്ടിക്കൊണ്ടു പോവുന്നതു തടയാനോ ഒക്കെ അവർ പുറത്തിറങ്ങുമ്പോൾ ഭയം എന്ന വികാരമാണ് എപ്പോഴും അവരെ നയിക്കുന്നത്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ കാടുകളുടെ സംരക്ഷണത്തിന് ഏറ്റവും അനിവാര്യമാണു താനും. കാരണം വനംവകുപ്പിന്റെ ആളുകൾ അത്തരം ഉത്തരവാദിത്തങ്ങളൊന്നും ഇപ്പോൾ നിർവഹിക്കുന്നില്ല. മാവോവാദി ഭീഷണിയെന്നു പറഞ്ഞ് അവർ തങ്ങളുടെ വനത്തിനകത്തെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്.

എന്നിരുന്നാലും ബസ്തറിലെ ഒരു വിഭാഗം ആദിവാസികൾ തങ്ങളുടെ വനസംരക്ഷണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുന്നുണ്ട്. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള ആർക്കും അഭിമാനിക്കാവുന്ന പ്രവൃത്തിയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. സന്ത് കർമാരി, കക്കൽഗർ, കംഗോളി തുടങ്ങിയ ഗ്രാമങ്ങളിൽ നിന്നുള്ള ഈ ആദിവാസികൾ പ്രദേശത്തെ അപൂർവയിനം മരങ്ങളുടെ വിത്തുകൾ കാലാകാലങ്ങളിൽ ശേഖരിച്ചു തങ്ങളുടെ ഗ്രാമത്തിലെ നഴ്സറികളിൽ അവ വളർത്തിയെടുക്കുകയാണ്. വിവിധതരം ചെടികളുടെ പുഷ്പിക്കലിന്റെയും വിത്തുണ്ടാവലിന്റെയും കാലഗണന സംബന്ധിച്ച് ആദിവാസികൾക്കിടയിൽ കൃത്യമായ ധാരണയുണ്ട്. എങ്ങനെയാണ് വിത്തുകൾ ഉണക്കി സംഭരിച്ചു വീണ്ടും ചെടികളാക്കി വളർത്തേണ്ടത് എന്നും അവർക്കറിയാം. അതിനായി മണ്ണും വളവും തയ്യാറാക്കുന്ന പ്രക്രിയയും വേരുകളും കമ്പുകളും വെട്ടിക്കൊടുക്കുന്ന രീതിയും ഒക്കെ അവർക്കറിയാം.

കഴിഞ്ഞ നാലു വർഷങ്ങളിൽ ഈ ആദിവാസി നഴ്സറികളിൽ നിന്നുള്ള അപൂർവയിനം ചെടികൾ ആന്ധ്രപ്രദേശിലെ അരാക്കു താഴ്‌വരയിലും മറ്റുമുള്ള വനവൽക്കരണ പദ്ധതികൾക്ക് ഏറെ സഹായകരമായിട്ടുണ്ട്. ഏതാണ്ട് 40 ഇനങ്ങളിലായി 2,00,000 തൈകളാണ് ഈ കാലയളവിൽ ഇവിടെ നിന്നു കൊണ്ടുപോയത്. ഈ വർഷം ഉത്തര തെലങ്കാന പ്രദേശത്തെ വനവൽക്കരണ പദ്ധതികൾക്കായി 50,000 ചെടികൾ ബസ്തറിൽ നിന്നു കൊണ്ടുപോയിട്ടുണ്ട്. തെലങ്കാനയിലെ വരണ്ട പ്രദേശങ്ങളെ മരം നട്ട് വീണ്ടും ഫലഭൂയിഷ്ഠമാക്കാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമാണിത്. പ്രദേശത്തെ വരണ്ട കാലാവസ്ഥയെ അതിജീവിക്കാൻ കെൽപുള്ള തരം മരങ്ങളാണ് അവിടെ നട്ടുപിടിപ്പിക്കുന്നത്. ഏപ്രിൽ മധ്യത്തോടെയാണ് ബസ്തറിൽ നിന്നു പ്രത്യേകം തയ്യാറാക്കിയ പ്ലാസ്റ്റിക് ബാഗുകളിൽ അവ മറ്റു പ്രദേശങ്ങളിലേക്കു കൊണ്ടുപോവുന്നത്. മഴക്കാലം വരുന്നതോടെ അവ തെലങ്കാനയുടെ വിവിധ ഭാഗങ്ങളിൽ നട്ടുപിടിപ്പിക്കും. തെലങ്കാനയിലെ വനംവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത് ബസ്തറിൽ നിന്നു വരുന്ന ചെടികൾ പ്രായേണ കരുത്തോടെ വളരുന്നതായി അനുഭവപ്പെടുന്നുവെന്നാണ്. തങ്ങളുടെ സ്വന്തം ജീവനക്കാരെ വിത്തുകളുടെയും ചെടികളുടെയും പരിപാലനത്തിൽ പരിശീലിപ്പിക്കാനായി ബസ്തറിലെ ആദിവാസികളെ തെലങ്കാനാ വനംവകുപ്പ് ഇപ്പോൾ ക്ഷണിച്ചിരിക്കുകയാണ്.

ലീഗൽ എൻവയൺമെന്റൽ ആക്ഷൻ ഫൗണ്ടേഷൻ (ലീഫ്) എന്ന സംഘടനയാണ് ബസ്തറിലെ ഈ വിത്തുസംഭരണ-വനസംരക്ഷണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ബസ്തർ പ്രദേശത്തെ ആദിവാസികളുടെ കാവുകളും മറ്റും സംരക്ഷിക്കുന്ന പ്രവർത്തനവും അവർ ഏറ്റെടുത്തു നടത്തുന്നുണ്ട്. മാത്രമല്ല, കാട്ടുതീ തടയാനുള്ള സംരംഭങ്ങളും വനത്തിൽ നിന്നു മരം കട്ടുകടത്തുന്നതു തടയാനായി കാവലും അവർ സംഘടിപ്പിക്കുന്നുണ്ട്. ആദിവാസികളുടെ നേതൃത്വത്തിൽ തന്നെ ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധസംഘടനയാണ് ലീഫ്. ആദിവാസികളുടെ സംസ്കാരവും ജീവനോപാധികളും നിലനിർത്തുകയെന്നതാണ് അതിന്റെ പ്രധാന ലക്ഷ്യം. ഇന്നു ബസ്തർ സംഘർഷ ഭരിതമായിരിക്കുമ്പോഴും അവിടെ ആദിവാസികൾ തങ്ങളുടെ വനവും ജീവനോപാധികളും സംരക്ഷിക്കാനായി നിശ്ശബ്ദമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. മാത്രമല്ല തങ്ങളുടെ വന വിഭവങ്ങൾ മറ്റു പ്രദേശങ്ങൾക്കു മുതൽക്കൂട്ടാവുന്ന രൂപത്തിൽ സംഭരിക്കാനും സംരക്ഷിക്കാനും അവർ ശ്രമം നടത്തുന്നുണ്ട്. ഈ സംഘർഷമൊക്കെ ഒഴിഞ്ഞുപോവുന്ന ഒരു കാലം വരുകയാണെങ്കിൽ അന്നും നമുക്കു വനങ്ങൾ വേണ്ടി വരും; ഇപ്പോഴും അവ നമുക്ക് അനിവാര്യമാണെന്നതു പോലെ. ●

(ബസ്തർ പ്രദേശത്ത് പ്രവർത്തിക്കുന്ന സസ്യശാസ്ത്രജ്ഞനും സന്നദ്ധപ്രവർത്തകനുമാണ് മധു രാംനാഥ്.)

മൊഴിയങ്കം

ലിംഗ യാഥാസ്ഥിതികത്വമെന്ന അഗാധ ഗർത്തത്തെ രണ്ടു ചെറിയ ചാട്ടം കൊണ്ടളക്കാമെന്നു വ്യാമോഹിക്കാനാവില്ല. ഒറ്റച്ചാട്ടം കൊണ്ടു മാത്രമേ അതു ചാടിക്കടക്കാനാവൂ.

ജെ ദേവിക
എഴുത്തുകാരി

ആറൻമുളയിൽ മാത്രമല്ല കേരളത്തിലങ്ങോളം വയൽ നികത്തുന്നതിനെതിരേ പ്രാദേശികമായി നടന്ന സമരങ്ങളോടു കണ്ണടച്ചു നിൽക്കാൻ ഒരു പ്രസ്ഥാനത്തിനും കഴിഞ്ഞിരുന്നില്ല. വയൽ നികത്തൽ ലോബി, വയൽ സംരക്ഷണ സമിതി എന്നിങ്ങനെ വ്യക്തമായ ചേരിതിരിവ് സമൂഹത്തിലുണ്ടായി.

സി ആർ രാജഗോപാലൻ

രണ്ടാം ക്ലാസിലെ പാഠപുസ്തകങ്ങൾ വായിക്കാൻ കഴിയാത്ത അഞ്ചാം തരത്തിലെ കുട്ടികളുടെ എണ്ണം സർക്കാർ സ്കൂളുകളിൽ 60 ശതമാനവും സ്വകാര്യ സ്കൂളുകളിൽ 70 ശതമാനവുമാണ്.

റഷീദ് കണിച്ചേരി
അധ്യാപക സംഘടനാ നേതാവ്

ആർട് സിനിമയുടെ വക്താവ് എന്നറിയപ്പെട്ടിരുന്ന പവിത്രൻ ഏറ്റവും കൂടുതൽ താരമൂല്യമുള്ള നടീ നടൻമാരെ ഉൾപ്പെടുത്തി സംവിധാനം ചെയ്ത ചിത്രമാണ് ഉത്തരം. എന്നിട്ടുപോലും തിയേറ്ററിൽ വേണ്ടത്ര ശ്രദ്ധ നേടിയിരുന്നില്ല.

രാമചന്ദ്രബാബു
ഛായാഗ്രാഹകൻ



രാജ്യത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനത്ത് എന്തുകൊണ്ടാണു ജനങ്ങൾ കുടിക്കാൻ വെള്ളമില്ലാതെ കഷ്ടപ്പെടുന്നത്! റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്ന സംസ്ഥാനമായി കേരളം മാറുന്നത് എന്തുകൊണ്ടാണ്? അടിയന്തര പ്രാധാന്യമുള്ള ഇത്തരം വിഷയങ്ങളാവണം ഒരു സർക്കാർ പരിഗണിക്കേണ്ടത്.

ടി ജെ എസ് ജോർജ്
മുതിർന്ന മാധ്യമ പ്രവർത്തകൻ

കാമറയ്ക്കു മുന്നിലല്ലാതെ, ജീവിതത്തിൽ എനിക്ക് അഭിനയിക്കാനറിയില്ല. മനസ്സിൽ തോന്നുന്നതുപോലെ പ്രതികരിക്കും. അതൊക്കെ തെറ്റിദ്ധരിക്കപ്പെടാം. അതൊന്നും മനപ്പൂർവമായിരുന്നില്ല. എനിക്ക് എന്നെ തന്നെ വഞ്ചിക്കാൻ വയ്യ.

മീരാ ജാസ്മിൻ
ചലച്ചിത്ര നടി

ഒറ്റയ്ക്ക് ഒരു മുറിയിൽ അകപ്പെട്ടാൽ, പിന്നിൽ നിന്ന് അക്രമിക്കപ്പെട്ടാൽ ഒക്കെ എതിരാളിയെ മുറിപ്പെടുത്താതെ തന്നെ രക്ഷപ്പെടാൻ ഒരു ദുപ്പട്ടകൊണ്ട് സാധിക്കും. എല്ലാ മലയാളി പെൺകുട്ടികളും കളരി പഠിക്കുന്നതു നല്ലതാണ്.

ഐറിസ് മജു
മിസിസ് വേൾഡ്, സൗന്ദര്യമൽസര വേദിയിലെ ആദ്യ മലയാളി വീട്ടമ്മ

സാമ്പത്തിക വളർച്ച- പരിസ്ഥിതി- ജനക്ഷേമം, ഇതിനെ മൂന്നിനെയും വിളക്കിച്ചേർക്കുന്നതാവണം ഇടതുപക്ഷത്തിന്റെ വികസന നയം

ഡോ. ജെ പ്രഭാഷ്

സിപിഎം സഹയാത്രികരല്ലാത്തവർക്ക് അഭിപ്രായം പറയാനും വിമർശിക്കാനും പരിഹസിക്കാൻ പോലുമുള്ള അന്തരീക്ഷം നിലനിർത്തുക. ഡെമോക്രസിയുടെ വാൾ തലയ്ക്കു മുകളിൽ സദാ തൂങ്ങുവാൻ പിണറായി വിജയൻ സമ്മതിക്കുക.

കൽപറ്റ നാരായണൻ
എഴുത്തുകാരൻ



വായനക്കാർ എഴുതുന്നു

ജിഷയുടെ വധം എന്താണ് സൂചിപ്പിക്കുന്നത്?

നവോത്ഥാന നായകരും സാംസ്കാരിക പ്രസ്ഥാനങ്ങളും ഏറെയുണ്ടായിട്ടും കേരളത്തിൽ ജാതിവ്യവസ്ഥയുടെ ശിഖരങ്ങൾ പോലും അറുത്തുമാറ്റാനായില്ല. നിയമ വിദ്യാർഥിനി ജിഷയുടെ വധവുമായി ബന്ധപ്പെട്ട കേസ് വായിക്കേണ്ടത് ഈ വീക്ഷണ കോണിലൂടെയാണ്. ഒരു പെണ്ണിന് അന്തിയുറങ്ങാൻ സർക്കാർ വക പുറമ്പോക്കിൽ കുടിൽ കെട്ടാനുള്ള അനുമതിക്കു പോലും നിയമം എതിരു നിൽക്കുന്നു. അതേസമയം തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ വിഭാഗം ജനപ്രതിനിധികളും തങ്ങളുടെ സുഖാഡംബരം വർധിപ്പിക്കാൻ ഐകകണ്ഠ്യേന ബില്ല് പാസാക്കുന്നു. ആൺതുണയില്ലാത്ത രണ്ടു പെൺകുട്ടികൾ ഉൾപ്പെടുന്ന ഒരു കുടുംബത്തെ സാമൂഹിക അതിർത്തിക്കു പുറത്താക്കുകയും ആക്രമണ സമയത്തെ അട്ടഹാസത്തിന് കാതോർക്കാതിരിക്കുകയും ചെയ്യുന്ന കിരാത സമീപനം ജിഷയുടെ കുടുംബത്തിനു നേരിടേണ്ടി വന്നിട്ടുണ്ടെങ്കിൽ അതു സാംസ്കാരിമായി കേരളം ഒരു ശതമാനം പോലും വളർന്നിട്ടില്ല എന്നതിന്റെ ദുഃഖസൂചകമായ തെളിവാണ്.

വികൃതമാക്കപ്പെട്ട ജിഷയുടെ മൃതദേഹം എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തി തെളിവു നശിപ്പിക്കുംവിധം ദഹിപ്പിക്കാൻ നിയമപാലകർ കാട്ടിയ ധൃതിയും മനുഷ്യത്വത്തിനു നിരക്കാത്തതാണ്. പ്രസ്തുത സംഭവം നടന്ന് ആഴ്ചകൾ കഴിഞ്ഞിട്ടും കുറ്റവാളിയെ കണ്ടെത്താൻ കഴിയാത്ത കേരള പോലിസ് മനുഷ്യത്വത്തെ തന്നെ പരിഹസിക്കുന്നു. ഇതൊക്കെ തെ